# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2314
# 12.06.2018 ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | കാലോചിതമായ മാറ്റങ്ങൾ ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വരുത്തി വരുന്നുണ്ട്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭവന സമുച്ചയം നിർമ്മിച്ച് കൊടുക്കുന്ന പദ്ധതിയിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തോടൊപ്പം ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (ലൈഫ്) യുടെ ഗുണഭോക്താക്കൾ ഭൂരഹിതരും ഭവനരഹിതരുമാണെങ്കിലും സ്വകാര്യ വ്യക്തികളാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാനും വ്യവസ്ഥയില്ല. മാത്രമല്ല, ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇതിനോടകം പുറത്തിറക്കിക്കഴിഞ്ഞു. അതിൽ നിന്നും ചിലർക്ക് മാത്രമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് വിമർശനത്തിന് ഇടയാക്കിയേക്കാം. എന്നിരുന്നാലും സർക്കാരിന്റെ സുപ്രധാന പദ്ധതികളിലൊന്നായ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയിൽ (ലൈഫ്) ഭൂരഹിത-ഭവനരഹിതർക്കായി നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിച്ച് നൽകുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ